5660
23/5/15

Sectt. 37. 3/66/2011/20 Lakh. GPM. © Govt. of Kerala

GOVERNMENT OF KERALA

<u>സംഗ്രഹം</u>

വനം വന്യജീവി വകുപ്പ് - ജീവനക്കാര്യം - ശ്രീമതി.റ്റി.എം.ഫിലോമിന ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത റ്റി.എ.-42/13 [WP(C) 32217/13] നമ്പർ കേസിൽ 25/9/2014-ന് പുറപ്പെടുവിച്ച വിധിന്യായത്തിൻമേൽ നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

വനം വന്യജീവി (എഫ്) വകുപ്പ്

ജി.ഒ.(സാധാ) നം. 202/2015/വനം തീയതി,തിരുവനന്തപുരം, 18/05/2015

---

പരാമർശം: 1. ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണലിന്റെ റ്റി.എ-42/13 [WP(c) 32217/2013] നമ്പർ ഉത്തരവ്

2. 17/3/2015- ൽ ശ്രീമതി.റ്റി.എം.ഫിലോമിന സർക്കാരിനു സമർപ്പിച്ച ഹർജി.

3. ഭരണവിഭാഗം മുഖ്യവനപാലകന്റെ 24/2/2015-ലെ ഇ 2-9524/2002 നമ്പർ കത്ത്.

<u>ഉത്തരവ്</u>

ആറളം വൈൽഡ് ലൈഫ് റെയിഞ്ചിൽ താൽക്കാലിക സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി.ടി.എം.ഫിലോമിന ബഹു.കേരള അഡ്മിനിസ്റ്റേറ്റീവ് ട്രൈബ്യൂണൽ മുഖേന ഫയൽ ചെയ്തിരുന്ന TA 42/13 [WP(c) No. 32217/2005] കേസിൽ 25/09/2014-ന് വിധിന്യായം പുറപ്പെടുവിച്ചിരുന്നു.

2) 1990 മുതൽ 2002 മാർച്ച് വരെ ആറളം വന്യജീവി സങ്കേതം റെയിഞ്ചാഫീസിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തിരുന്ന ശ്രീമതി.റ്റി.എം. ഫിലോമിനയെക്കുറിച്ച് നാട്ടുകാരിൽ നിന്നും ലഭിച്ച പരാതികളിൽ കഴമ്പുണ്ടെന്നു കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിലാണ് 2002 മാർച്ച് മാസം മുതൽ ടിയാളുടെ സേവനം അവസാനിപ്പിച്ചത്. കാഷ്വൽ സ്വീപ്പർ തസ്തിക സ്ഥിരം തസ്തികയല്ലാത്തതിനാൽ ആറളം വൈൽഡ് ലൈഫ് വാർഡൻ തന്റെ അധികാരം ഉപയോഗിച്ച് തുടർന്ന് കാഷ്വൽ സ്വീപ്പറായി ജോലിക്ക് നിയോഗിച്ച ആദിവാസി സ്ത്രീയെ പിന്നീട് പാർട്ട ടൈം സ്വീപ്പറായി സ്ഥിര നിയമനം നൽകുവാൻ സർക്കാർ അനുമതി നൽകി ഉത്തരവാകുകയും ചെയ്തു.

3) ശ്രീമതി.ഫിലോമിനയെ കാഷ്വൽ സ്വീപ്പർ സ്ഥാനത്തു നിന്നും പിരിച്ചുവിട്ടതിനെതിരെ ടിയാൾ ബഹു.ഹൈക്കോടതിയിൽ ഫയൽ ചെയ്ത (WP(C)-16606/2005) നമ്പർ കേസ്സിലെ 02/06/2005 -ലെ വിധിയിൽ ടിയാൾ 30/7/2004-ന് ചീഫ് ഫോറസ്റ്റ് കൺസർവേറ്റർക്ക് സമർപ്പിച്ച അപേക്ഷയിന്മേൽ ഉചിത തീരുമാനം എടുക്കുവാൻ നിർദ്ദേശിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ ഭരണ വിഭാഗം മുഖ്യവനപാലകൻ 26/7/2005 -ലെ ഇ 2-9524/02 ഉത്തരവുപ്രകാരം

(........2)

ടിയാളുടെ അപേക്ഷ നിരസിച്ചുകൊണ്ട് ബഹു.ഹൈക്കോടതിയുടെ 02/06/2005-ലെ വിധിന്യായം നടപ്പിലാക്കിയിട്ടുണ്ടായിരുന്നു.

4) ഇപ്പോൾ ശ്രീമതി.ഫിലോമിന ഫയൽ ചെയ്ത TA.42/13 (WP(C)-32217/2005) നമ്പർ കേസ്സിൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ 25/09/2014-ന് പുറപ്പെടുവിച്ച അന്തിമ ഉത്തരവിൽ അപേക്ഷകയ്ക്ക് തന്റെ ആവലാതികൾ പരിഹരിക്കുന്നതിനായി സർക്കാരിൽ അപേക്ഷ സമർപ്പിക്കുവാനുള്ള സ്വാതന്ത്ര്യം ഉണ്ടെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. അപ്രകാരം ശ്രീമതി.റ്റി.എം.ഫിലോമിന സൂചന 2 പ്രകാരം ബഹു.വനം വകുപ്പ് മന്ത്രി മുമ്പാകെ നിവേദനം സമർപ്പിച്ചിരുന്നു. താൽക്കാലിക അടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി ജോലിക്കു നിയോഗിക്കുകയും പരാതികളുടെ അടിസ്ഥാനത്തിൽ ടിയാളുടെ ജോലി 3/2002 -ൽ അവസാനിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ 25/11/2005-ലെ സ.ഉ.(പി) 501/05/ധന പ്രകാരമുള്ള ആനുകൂല്യത്തിന് അർഹത കാണുന്നില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ ശ്രീമതി.റ്റി.എം.ഫിലോമിനയുടെ 14/08/2014 തീയതിയിലെ അപേക്ഷ നിരസിക്കാവുന്നതാണെന്ന് ഭരണവിഭാഗം മുഖ്യവനപാലകൻ സൂചന മൂന്ന് പ്രകാരം റിപ്പോർട്ട് ചെയ്തിരുന്നു.

5) ഈ വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. ആറളം വൈൽഡ് ലൈഫ് ഡിവിഷനിൽ താത്ക്കാലികാടിസ്ഥാനത്തിൽ കാഷ്വൽ സ്വീപ്പറായി ജോലി ചെയ്തു വന്നിരുന്നതും പരാതികളുടെ അടിസ്ഥാനത്തിൽ ശ്രീമതി.ഫിലോമിനയുടെ ജോലി 3/2002-ൽ അവസാനിപ്പിക്കുകയും ചെയ്ത സാഹചര്യത്തിൽ 25/11/2005 ലെ സ.ഉ(പി) 501/05/ധന പ്രകാരമുള്ള ആനുകൂല്യത്തിന് ശ്രീമതി.റ്റി.എം. ഫിലോമിനയ്ക്ക് അർഹതയില്ലാത്തതിനാൽ സൂചന രണ്ടു പ്രകാരം ടിയാൾ സർക്കാരിനു സമർപ്പിച്ച അപേക്ഷ നിരസിച്ച് ഇതിനാൽ ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**കെ.വി.സുധീർ,**
**ജോയിന്റ് സെക്രട്ടറി**

അഡീഷണൽ പ്രിൻസിപ്പൽ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഭരണം),
തിരുവനന്തപുരം ([illegible])
ശ്രീമതി.റ്റി.എം.ഫിലോമിന, W/o ഭാസ്കരൻ, തടിയൻ മുറയിൽ ഹൗസ്,
വളയംചാൽ, കണിച്ചാർ പി.ഒ. കേരളം, കണ്ണൂർ
അഡ്വക്കേറ്റ് ജനറൽ, വഞ്ചിയൂർ, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള , തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
വെബ് & ന്യൂ മീഡിയ.
കരുതൽ ഫയൽ/ ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ